# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 738** **05.06.2018-ൽ മറുപടിക്ക്**

### കോഴിക്കോട് മണ്ഡലത്തിലെ വൈദ്യുത പദ്ധതികൾ

| | ചോദ്യം<br>ശ്രീ. എ. പ്രദീപ്കുമാർ : | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | കോഴിക്കോട് നോർത്ത് മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നത് എന്ന് വിശദമാക്കുമോ; | (എ) & (ബി) | എം .എൽ .എ. SDF പദ്ധതിയിൽപ്പെടുത്തി വെണ്ണീർ വയൽ - കാരപറമ്പ് കനാൽ തെരുവു വിളക്ക് പദ്ധതി, കേന്ദ്രാവിഷ്കൃത പദ്ധതിയായ IPDS, ബോർഡിന്റെ തനതു ഫണ്ട് ഉപയോഗിച്ച് 2018-2021 കാലയളവുകളിൽ ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതും അപകടരഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി വിതരണ മേഖലയിൽ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ മുഖേന ആസൂത്രണം ചെയ്ത പ്രവൃത്തികൾ എന്നിവയാണ് കോഴിക്കോട് നോർത്ത് മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ. ടി പദ്ധതികളുടെ നിലവിലെ അവസ്ഥയും അനുവദിച്ച തുകയും ചുവടെ ചേർക്കുന്നു.<br><br>i).വെണ്ണീർ വയൽ - കാരപറമ്പ് കനാൽ തെരുവു വിളക്ക് പദ്ധതി<br>അനുവദിച്ച തുക 54,628/-<br>നിലവിലെ അവസ്ഥ - പൂർത്തീകരിച്ചു .<br>ii).ഐ.പി.ഡി.എസ്.പദ്ധതി<br>അനുവദിച്ച തുക - 6,05,92,220 /-<br>നിലവിലെ അവസ്ഥ - 40% പൂർത്തീകരിച്ചു .<br>iii). പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ മുഖേന ആസൂത്രണം ചെയ്ത പ്രവൃത്തികൾ.<br>11.79 കോടി രൂപയുടെ 160 ഹൈടെൻഷൻ ലൈനുകളും പ്രതിഷ്ഠാപനങ്ങളും ഉൾപ്പെടുന്ന പ്രവൃത്തികളുടെയും 7.4 കോടി രൂപയുടെ 235 |
| (ബി) | ഓരോ പദ്ധതികളുടെയും നിലവിലെ അവസ്ഥയും അനുവദിച്ച തുകയും വ്യക്തമാക്കുമോ? | | |

| | | | |
|---|---|---|---|
| | | | ലോടെൻഷൻ ലൈനുകള് ഉൾപ്പെടുന്ന പ്രവൃത്തികളുടെയും DPR തയ്യാറാക്കിയിട്ടുണ്ട്. അവ പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.<br>കേരള സർക്കാറിന്റെ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിലുൾപ്പെട്ടിരുന്ന പ്രവൃത്തികൾ നേരത്തെ തന്നെ പൂർത്തീകരിച്ച് കഴിഞ്ഞിട്ടുണ്ട്.<br>പ്രസരണ മേഖലയിലെ പദ്ധതിയും അനുവദിച്ച തുകയും ചുവടെ ചേർക്കുന്നു.<br>(1) 110 കെ.വി. ജി.ഐ.എസ്. സബ്സ്റ്റേഷൻ, ഗാന്ധി റോഡ്, 110 കെ.വി. സബ്സ്റ്റേഷൻ ചേവയൂർ എന്നിവ 110 കെ.വി. കേബിൾ ഉപയോഗിച്ച് ബന്ധിപ്പിക്കുന്ന പ്രവൃത്തിയും, കളിപ്പൊയ്കയിൽ ഒരു 110 കെ.വി. ജി.ഐ.എസ്. സബ്സ്റ്റേഷൻ നിർമ്മാണവും.<br>(2) കേബിൾ ബന്ധിപ്പിക്കുന്ന പ്രവൃത്തി പുരോഗമിച്ചു വരുന്നു. സബ്സ്റ്റേഷന്റെ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. ഏറ്റെടുക്കുന്നതിനുള്ള അനുമതിയ്ക്കായി അപേക്ഷ ജില്ലാകളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. അനുമതി കിട്ടിയാൽ പദ്ധതി തുടങ്ങുന്നതാണ്.<br>മുകളിൽ പറഞ്ഞ രണ്ടു പദ്ധതികൾക്കും കൂടി ആകെ അനുവദിച്ച തുക 38.16 കോടി രൂപയാണ്. |

Himabindu

സെക്ഷൻ ഓഫീസർ